# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *109 20/03/2012-ലെ മറുപടിക്ക്

**കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം സംബന്ധിച്ച ലോകായുക്ത വിധിയിൻമേൽ അനന്തര നടപടികൾ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | എ) കേരള ലോകായുക്ത ആക്ടിന്റെ 12(4) വകുപ്പ് പ്രകാരം ലോകായുക്ത റിപ്പോർട്ട് "competent authority" എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ പരിശോധിച്ചു വരുന്നു. |
| ബി) പ്രസ്തുത വിഷയത്തിൽ മേൽ നടപടി സ്വീകരിക്കാൻ ഹൈക്കോടതിയുടെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) ഇല്ല |
| സി) പ്രസ്തുത കേസിൽ ലോകായുക്ത കുറ്റക്കാരെന്ന് കണ്ടെത്തിയവർ ആരെല്ലാമാണ്; അവർ സംഭവ കാലഘട്ടത്തിൽ വഹിച്ചിരുന്ന പദവികളും ഇപ്പോൾ വഹിക്കുന്ന സ്ഥാനങ്ങളും പദവികളും എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | സി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) സെലക്ഷനുമായി ബന്ധപ്പെട്ട പരീക്ഷാ പേപ്പറുകൾ കാണാതായതു സംബന്ധിച്ച അന്വേഷണം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ? | ഡി) ഇതു സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| R1 | ഡോ. എം.കെ. രാമചന്ദ്രൻ നായർ, വൈസ് ചാൻസലർ | 18.08.2008 വരെ |
| R3 | ഡോ. വി. ജയപ്രകാശ് പ്രോ-വൈസ് ചാൻസലർ | 02.05.2005 · 01.05.2009 |
| R10 | ശ്രീ. ബി.എസ്. രാജീവ് സിൻഡിക്കേറ്റ് അംഗം | 26.08.2006 - 31.12.2008 |
| R11 | ശ്രീ. എ.എ. റഷീദ് സിൻഡിക്കേറ്റ് അംഗം | 26.08.2006 - 31.12.2008 |
| R12 | ശ്രീ. കെ.എ. ആൻഡ്രൂ സിൻഡിക്കേറ്റ് അംഗം | 26.08.2006 - 31.12.2008 |
| R13 | ശ്രീ. എം.പി. റസ്സൽ, സിൻഡിക്കേറ്റ് അംഗം | 26.08.2006 - 31.12.2008 |

ഡോ. വി. ജയപ്രകാശ് 02.05.2005 മുതൽ 01.05.2009 വരെ പ്രോ-വൈസ് ചാൻസലർ പദവി വഹിച്ചു. ഇപ്പോൾ കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലുള്ള അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് പഠന വകുപ്പിൽ പ്രൊഫസർ ആയി തുടരുന്നു.

S.O